# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2962 | 13/03/2018-ൽ മറുപടിയ്ക്ക് |

## ലൈഫ് പദ്ധതി

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ തയ്യാറെടുപ്പുകളാണ് ഇത് വരെ സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും മിഷൻ പ്രവർത്തനം ആരംഭിച്ചു. ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ 2017- ഫെബ്രുവരിയിൽ നടത്തുകയും ടി പട്ടിക അന്തിമമാക്കിയിട്ടുമുണ്ട്. സംസ്ഥാനത്ത് 3.37 ലക്ഷം ഭൂരഹിത ഭവനരഹിതരെയും 1.74 ലക്ഷം ഭവനരഹിതരെയുമാണ് കണ്ടെത്തിയിട്ടുള്ളത്. 63278 പൂർത്തീകരിക്കാത്ത ഭവനങ്ങളെ സംസ്ഥാനത്തുടനീളം കണ്ടെത്തി. ആയതിൽ 10554 ഭവനങ്ങൾ പൂർത്തികരിച്ചു. ബാക്കിയുള്ളവ 2018 മാർച്ച് 31നകം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമിയില്ലാത്ത ഭവനരഹിതർക്കായി ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ ഭവന സമുച്ചയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു. കൊല്ലം, കാസർഗോഡ് ജില്ലകളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണ പ്രവൃത്തി ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് സർവ്വേ വഴി കണ്ടെത്തിയ മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം നല്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. 2018 ഏപ്രിൽ 1 മുതൽ ടി പ്രവൃത്തി നിർവഹണം ആരംഭിക്കാനുദ്ദേശിക്കുന്നു. |
| (ബി) | ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ എത്ര പേർക്ക് വീട് നിർമ്മിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; | (ബി) | ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടുള്ള 66750 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 10554 ഭവനങ്ങൾ പൂർത്തികരിച്ചു. ആയത് മാർച്ച് 2018 ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഗുണഭോക്തൃ പട്ടികയിലുള്ള ഭൂമിയുള്ള എല്ലാവർക്കും അടുത്തവർഷം ഭവന നിർമ്മാണത്തിന് ധനസഹായം നല്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ നൽകിയ അപേക്ഷകൾക്ക് പൂർണ്ണമായും പ്രയോജനം ലഭിച്ചതിന് ശേഷം മാത്രമാണോ പുതിയ അപേക്ഷകൾ സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (സി) | അല്ല. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. എന്നാൽ നിലവിൽ കണ്ടെത്തിയ എല്ലാവർക്കും പ്രയോജനം ലഭിച്ച ശേഷം മാത്രമേ പുതിയ ഗുണഭോക്താക്കളെ പരിഗണിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**